# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 16**

---

## മുഖ്യമന്ത്രിയുടെ മുഖാമുഖം എം.ജി. സർവകലാശാലയിൽനിന്ന് 11 വിദ്യാർഥികൾ പങ്കെടുക്കും

മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി 18ന് കോഴിക്കോട്ട് വിദ്യാർഥികളുമായി നടത്തുന്ന മുഖാമുഖത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയെ പ്രതിനിധീകരിച്ച് 11 പേർ പങ്കെടുക്കും.

സർവകലാശാലാ യൂണിയൻ ചെയർ പേഴ്സൺ അഖിൽ മോൻ രാജൻ, ജനറൽ സെക്രട്ടറി അജിൻ തോമസ്, വൈസ് ചെയർ പേഴ്സൺമാരായ അനഘ സൂസൻ ബിജു, ആദിത്യൻ വിനോദ്, ശ്രീഹരി, ജോയിൻറ് സെക്രട്ടറിമാരായ വിഘ്നേഷ്, പി.എസ്. ആദിൽ, സർവകലാശാലയിലെ പഠന വകുപ്പുകളിലെ വിദ്യാർഥികളുടെ പ്രതിനിധികളായ സ്കൂൾ ഓഫ് ഇൻറർ നാഷണൽ റിലേഷൻസ് ആന്റ് പോളിറ്റിക ്സിലെ വി. ആദിത്യ, അശ്വിൻ രാജൻ വർഗീസ്, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസിലെ എം. അനുരാജ്, കെ. മുഹമ്മദ് യാസിൻ എന്നിവരാണ് പങ്കെടുക്കുക.

സർവകലാശാലയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയുടെ ക്ഷണക്കത്ത് പഠന വകുപ്പുകളിലെ വിദ്യാർഥികളുടെ പ്രതിനിധികൾക്ക് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ കൈമാറി.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. ഷാജില ബീവി, ഡോ. കെ.എം. സുധാകരൻ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ഡി.എസ്.എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ, ജോയിൻറ് രജിസ്ട്രാർ പി. ഹരി എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/159/2024)

## എം.ജി. സെനറ്റ്; പ്രത്യേക യോഗം മാർച്ച് 11ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ പ്രത്യേക യോഗം മാർച്ച് 11ന് രാവിലെ 10ന് സർവകലാശാലാ ഭരണ വിഭാഗത്തിലെ സെനറ്റ് ഹാളിൽ ചേരും

(പി.ആർ.ഒ/39/160/2024)

## ടെക്നിക്കൽ അസിസ്റ്റൻറ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്നൊവേഷൻ ഫൗണ്ടേഷനിൽ ടെക്നിക്കൽ അസിസ്റ്റന്റ്- ഓഡിയോ-വീഡിയോ റെക്കോർഡിംഗ്, ടെക്നിക്കൽ അസിസ്റ്റന്റ് - ഓഡിയോ-വീഡിയോ എഡിറ്റിംഗ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.
രണ്ടു തസ്തികകളിലും ഒന്നു വിതം ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ സേവന കാലാവധി നീട്ടി നൽകാൻ സാധ്യതയുണ്ട്.
കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
https://mguif.com/site/careers/ എന്ന ലിങ്ക് വഴി അപേക്ഷിക്കാം. സ്വയം തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും സഹിതം hr@mguif.com എന്ന ഇ-മെയിൽ വഴിയും ഫെബ്രുവരി 28 വരെ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/161/2024)

## കമ്പ്യൂട്ടർ ലാബ് ഇൻ-ചാർജ്; കരാർ നിയമനം

മഹാത്മാ ഗന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിലെ(ഡിഎഎസ്പി) ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻ-ചാർജ് തസ്തികയിൽ താൽക്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഇ/ബി/റ്റി സംവരണ വിഭാഗത്തിലെ ഒരൊഴിവിലേയ്ക്ക് ഒരു വർഷത്തേക്കാണ് നിയമനം. 2024 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 15000 രൂപ.

കമ്പ്യൂട്ടർ എൻജിനീയറിംഗിലോ കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിൻറനൻസിലോ മൂന്നു വർഷ പോളിടെക്നിക് ഡിപ്ലോമ ഉള്ളവർക്ക് അപേക്ഷിക്കാം.

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അധിക യോഗ്യത, ജാതി, നോൺ ക്രീമിലെയൽ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം dasp@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തൽ അയക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in).

(പി.ആർ.ഒ/39/162/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്.സി എം.എൽ.ടി (2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008-2013 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
മാർച്ച് ആറിന് ഫൈനോടു കൂടിയും മാർച്ച് ഏഴിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
..........................

മാർച്ച് ഏഴിന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 21 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
ഫെബ്രുവരി 22ന് ഫൈനോടു കൂടിയും ഫെബ്രുവരി 23ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
...............................

മാർച്ച് 13ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2017-2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 21 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
ഫെബ്രുവരി 22ന് ഫൈനോടു കൂടിയും ഫെബ്രുവരി 23ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/163/2024)

## എക്സ്റ്റേണൽ ഇവാല്യുവേഷൻ

മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമെട്രിക്സ്(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ ഇൻറേൺഷിപ്പ് റിപ്പോർട്ട് എക്സ്റ്റേണൽ ഇവാല്യുവേഷൻ ഫെബ്രുവരി 19ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/164/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ്(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 22

മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/165/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎഫ്എ(പിജിസിഎസ്എസ് – 2021 അഡ്മിഷൻ റഗുലർ – ജൂലൈ 2022), രണ്ടാം സെമസ്റ്റർ എംഎഫ്എ(പിജിസിഎസ്എസ് – 2021 അഡ്മിഷൻ റഗുലർ – നവംബർ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.
............................

ഒന്നാം സെമസ്റ്റർ എംഎഫ്എ(പിജിസിഎസ്എസ് – 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും – നവംബർ 2021), രണ്ടാം സെമസ്റ്റർ എംഎഫ്എ(പിജിസിഎസ്എസ് – 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും – ജനുവരി 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.
............................

രണ്ടാം സെമസ്റ്റർ സിബസിഎസ്എസ് ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ, ബി.എസ്.ഡബ്ല്യു, ബി.ടി.എസ്, ബി.എഫ്.ടി, ബി.ബി.എം, ബി.പി.ഇ(സപ്ലിമെൻററിയും മെഴ്സി ചാൻസും – മാർച്ച് 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് രണ്ടു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/166/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**